# നീതി സംവിധാനം പ്രതികൾക്ക് അനുകൂലം - ജസ്റ്റിസ് ബി. കെമാൽ പാഷ

**കൊച്ചി:** നിലവിലെ നീതി സംവിധാനം സാങ്കേതികമായി പ്രതികൾക്ക് അനുകൂലമാണെന്ന് ജസ്റ്റിസ് ബി. കെമാൽ പാഷ പറഞ്ഞു. എറണാകുളം ഗവൺമെന്റ് ലോ കോളേജിൽ സെന്റർ ഫോർ ലോ, ഗവേണൻസ് ആൻഡ് പോളിസി സ്റ്റഡീസ് നടത്തുന്ന അന്താരാഷ്ട്ര ശില്പശാല ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

പീഡനക്കേസുകളിലും മറ്റും പോലീസ് യാന്ത്രികമായാണ് എഫ്ഐആർ രേഖപ്പെടുത്തുന്നത്. അതിലും യാന്ത്രികമായാണ് പബ്ലിക് പ്രോസിക്യൂട്ടർ കേസ് വാദിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു. പീഡന കേസിൽ ജയിലിൽ അകപ്പെടുന്ന പ്രതികൾ സർക്കാരിന്റെ എല്ലാവിധ ആനുകൂല്യങ്ങളും കൈപ്പറ്റി തടിച്ച് കൊഴുക്കുകയാണെന്ന് ജസ്റ്റിസ് അഭിപ്രായപ്പെട്ടു. സർക്കാരിന്റെ ഭാഗത്തു നിന്ന് ഇരകൾക്ക് വേണ്ട സഹായങ്ങളൊന്നും ലഭിക്കുന്നില്ല. ചില കേസുകളിൽ ഇരകൾക്ക് ലഭിക്കുന്നത് തുച്ഛമായ പണം മാത്രമാണ്. വിചാരണ സമയത്ത് ഇരകൾ അവരനുഭവിച്ച പീഡനങ്ങൾ ഏറ്റുപറയേണ്ടി വരുന്നത് ദുഃഖകരമാണ്. ജനങ്ങളുടെ ജീവിതവും സ്വത്തും സംരക്ഷിക്കേണ്ടത് സർക്കാർ ഉത്തരവാദിത്വമാണ്. അതിനായി സർക്കാർ മുന്നോട്ടു വരണം. ന്യായമായ വിധികളിലൂടെ മാത്രമേ ഇരകൾക്ക് നീതി ലഭിക്കൂവെന്നും അദ്ദേഹം പറഞ്ഞു.

ഇരകളുടെ ആവശ്യം മനസ്സിലാക്കി സർക്കാർ ഇടപെടണം. ഇതിനായി നിയമ സംവിധാനം അടിയന്തരമായി പരിഷ്കരിക്കാൻ തയ്യാറാവണം. സർക്കാർ കണ്ണുതുറന്നില്ലെങ്കിൽ ഇരകൾക്ക് നീതി മരീചികയാവുമെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി.

നന്ദനം നിങ്ങൾ

# Call to Promote Restorative Justice

Express News Service

**Kochi**:Even if the accused is convicted or acquitted in a criminal case, the victim is nowhere in the picture. Victims are a more or less a forgotten mass, they get nothing.

A three-day international workshop, underway at Government Law College here, is deliberating on this issue



Justice Kemal Pasha speaking at the inaugural function of the international workshop held at Law College in Kochi | ALBIN MATHEW

and brainstorming on theories, models and application of restorative justice that bring the victim to the centre of the criminal justice system and to repair the harm caused by the crime. "The government should come forwards to protect the victims. There should be proper remedies," said Justice B Kemal Pasha, inaugurating the workshop on Sunday here.

"The accused get the benefit of doubt. And the judge is bound by the benefit of doubt. "Justice Pasha said. The victim has no role. Even if the accused is convicted, the victim gets nothing. The victim is forgotten, he observed. There must be some role for restorative justice and it should be coupled with retribution. Then only restorative justice will yield results, he stated.

There should be serious discourse on these issues and an amendment in criminal law in the Parliament to provide relief for the victims. But sadly, there is no proper discourse at all in Parliament, Justice Kemal Pasha regretted. Dr R Bijukumar, Principal of Govt. Law College, Ernakulam, presided at the inaugural session of the workshop organised by the Centre for Law, Governance and Policy Studies.

THE NEW INDIAN EXPRESS
Mon, 11 January 2016
epaper.newindianexpres

# നിയമസംവിധാനം കുറ്റവാളികൾ രക്ഷപ്പെടുന്ന തരത്തിൽ: ജസ്റ്റിസ് കെമാൽ പാഷ

കൊച്ചി • രാജ്യത്തെ ക്രിമിനൽ നിയമ സംവിധാനങ്ങൾ യഥാർഥ കുറ്റവാളികൾ രക്ഷപ്പെടുന്ന തരത്തിലുള്ളതാണെന്നു ഹൈക്കോടതി ജഡ്ജി ജസ്റ്റിസ് ബി. കെമാൽ പാഷയുടെ വിമർശനം. യാന്ത്രികമായ ഈ സംവിധാനം ഇരകൾക്ക് അർഹിക്കുന്ന നീതി ഉറപ്പാക്കുന്ന രീതിയിൽ അടിയന്തരമായി പരിഷ്കരിക്കണമെന്നും അദ്ദേഹം പറഞ്ഞു.

എറണാകുളം ഗവ. ലോ കോളജിലെ സെന്റർ ഫോർ ലോ, ഗവേണൻസ് ആൻഡ് പോളിസി സ്റ്റഡീസ് (സിഎൽജിപിഎസ്) സംഘടിപ്പിച്ച രാജ്യാന്തര നിയമ ശിൽപശാല ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

മിക്ക കേസുകളിലും ഇരകൾ വിസ്മരിക്കപ്പെടുകയാണ്. സത്യത്തിനു പിന്നിൽ നിൽക്കുന്നതിനു പകരം കുറ്റാരോപിതരുടെ പിന്നാലെ പോകുന്നതാണു നമ്മുടെ നിയമ വ്യവസ്ഥയുടെ തകരാർ. മാനഭംഗക്കേസുകളിൽ വിചാരണ കഴിഞ്ഞാലും ഇരകളുടെ നിലവിളികൾ അവസാനിക്കുന്നില്ല. അവർക്ക് അർഹിക്കുന്ന നീതി ലഭിക്കുന്നില്ല. പീഡനക്കേസ് പ്രതികൾ സർക്കാരിന്റെ പണം കൈപ്പറ്റി ജയിലിൽ തടിച്ചുകൊഴുക്കുകയാണ്. ക്രിമിനൽ കേസുകളിൽ ഇരകളുടെ സംരക്ഷണത്തിനു സർക്കാർ തയാറാകണം. സർക്കാരുകൾ ഇടപ്പെട്ടില്ലെങ്കിൽ ഇരകൾക്കു നീതി മരീചികയായി മാറും.പാർലമെന്റിൽ ക്രിമിനൽ നിയമങ്ങൾ ഭേദഗതി ചെയ്യുമ്പോഴും ഇരകൾക്ക് അർഹിക്കുന്ന രീതിയിൽ നിയമം പരിഷ്കരിക്കാനുള്ള ചർച്ചകൾ നടക്കുന്നില്ല. ക്രിമിനൽ കേസുകളിൽ കുറ്റാരോപിതരിൽ 80 ശതമാനവും രക്ഷപ്പെടുന്ന സാഹചര്യമാണ്. പൊലീസ് യാന്ത്രികമായാണു റിപ്പോർട്ട് തയാറാക്കുന്നത്.

ഇതു സർക്കാർ വക്കീലിന്റെ വാദത്തിൽ തെളിയും. അറബി നാടുകളിൽ നീതിന്യായ വ്യവസ്ഥകൾ ഇരകൾക്ക് അനുകൂലമായ രീതിയിലാണ്.മാനഭംഗക്കേസുകളിൽ പ്രതി ഇരയെ വിവാഹം കഴിച്ചാലും ഇര ഒരിക്കലും പ്രതിയെ വിവാഹം കഴിക്കാൻ മനസ്സുകൊണ്ടു തയാറാവില്ല.